**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2581 12.03.2018 – ൽ മറുപടിക്ക്**

# <u>സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ</u>

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പൊതുമരാമത്ത് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 58 പൊതു-മരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (ബി) | അവർ ആരെല്ലാമാണെന്നും, സസ്പെന്റ് ചെയ്യുവാനുണ്ടായ കാരണ-മെന്താണെന്നും വിശദീകരിക്കാമോ ? | (ബി) | വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

[redacted] [redacted]

# Details of suspension against PWD officials under various Districts (Period of the current Ministry from May 2016 onwards).

1. വിജി.1/16096/2016

ശ്രീ.എസ്.അജിത് കുമാർ, ക്ലാർക്കിനെ മ്യൂസിയം പോലീസ് ക്രൈം നമ്പർ 1092/2017 പ്രകാരമുള്ള കേസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട തിരുവനന്തപുരം ജില്ല ജുഡീഷ്യൽ മജിസ്ട്രേറ്റ് 21/07/2017 ലെ ഉത്തരവ് പ്രകാരം അന്നേ ദിവസം മുതൽ 04/08/2017 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാന്റ് ചെയ്യാൻ ഉത്തരവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ Manual of Disciplinary Proceedings, Rule 16(4) പ്രകാരം 21/07/2017 പൂർവ്വാഹ്നം മുതൽ മുൻകാലപ്രാബല്യത്തോടെ വേലവിലക്ക് കൽപ്പിച്ച് വിജി.1/16096/2016 തീയതി 11/08/2017 പ്രകാരം ഉത്തരവായിട്ടുണ്ട്.

2. വിജി.1/15341/16

ശ്രീ.കെ.പി.ചന്ദ്രബാബു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ തിരുവനന്തപുരത്തിനെ G.O.(Rt)No.1157/2016/പൊ.മ.വ തീയതി 08/08/2016 പ്രകാരം അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയുണ്ടായി. G.O.(Rt)No.1743/2016/പൊ.മ.വ തീയതി 22/12/2016 പ്രകാരം തിരികെ പ്രവേശിപ്പിക്കുകയുണ്ടായി..

ആലുവ ഇറിഗേഷൻ, സബ്. ഡിവിഷനിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി സേവനമനുഷ്ഠിക്കവേ ശ്രീ.കെ.പി.ചന്ദ്രബാബു, ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതിനും ടൂറിസം വകുപ്പിന്റെ ഇലക്ട്രിക്കൽ വർക്കുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വഴിയല്ലാതെ നേരിട്ട് ടൂറിസം ഡയറക്ടർക്ക് നൽകിയത് വഴി, കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനും ടിയാനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും G.O.(Rt)No.1872/2017/PWD dated 15/12/2017 പ്രകാരം സസ്പെൻഡ് ചെയ്ത് ഉത്തരവായിട്ടുണ്ട്.

3. വിജി.1/2574/17

ശ്രീമതി.ഷഹാനാബീഗം, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രവീൺകുമാർ.എ.ജെ. ഡ്രൈവർ എന്നിവർ സെക്രട്ടറിയേറ്റ് പരിസരത്ത് വച്ച് പരസ്യമായി കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് അന്വേഷണ വിധേയമായി G.O.(Rt)No.153/2017/പൊ.മ.വ തീയതി 07/02/2017 പ്രകാരം സസ്പെൻഡ് ചെയ്യുകയുണ്ടായി.സർക്കാർ ഉത്തരവ് നമ്പർ (സാധാ)1228/2017/പൊ.മ.വ തീയതി 17/08/2017 പ്രകാരം ശ്രീമതി.ഷഹാനാബീഗത്തിന് കോഴിക്കോട് ഇലക്ട്രിക്കൽ ഡിവിഷനിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയി നിയമനം നല്കി സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു.

4. Vig.1/25505/17

ശ്രീ.ബാലവിനായകം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് നെടുമങ്ങാട് കെട്ടിടവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ബാലവിനായകം, നവമാധ്യമങ്ങളിലൂടെ ബഹു.മുഖ്യ.മന്ത്രിയേയും ആഭ്യന്തര വകുപ്പിനെയും അതുവഴി സർക്കാരിനെയും അപകീർത്തിപ്പെടുത്തുന്ന മെസ്സേജുകൾ പ്രചരിപ്പിച്ചിട്ടുള്ളതായ കണ്ടെത്തലിൽ

സർക്കാരുദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ടത്തിലെ ചട്ടം 60 (എ)യ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചതിനാൽ അച്ചടക്കനടപടിക്ക് വിധേയമായി സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1572/2017/പൊ.മ.വ തീയതി 23/10/2017 പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവായി.

5. <u>വിജി.1/26171/2017</u>

പൊതുമരാമത്ത് വകുപ്പ്, ഇലക്ട്രോണിക്സ് സബ് ഡിവിഷൻ കെ.എൽ .സി, തിരുവനന്തപുരം ഓഫീസിലെ സീനിയർ ക്ലാർക്ക് <u>ശ്രീ.വിനോദ് കുമാർ.എസ്.ഇ,</u> നവമാധ്യമങ്ങളിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും പൊതുമരാമത്ത് വകുപ്പ് മന്ത്രിയേയും അതുവഴി സർക്കാരിനേയും അപകീർത്തിപ്പെടുത്തുന്ന പോസ്റ്റുകൾ Face Book-ലൂടെ ഷെയർ ചെയ്ത് പ്രചരിപ്പിച്ചതായ കണ്ടെത്തലിൽ സർക്കാരുദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ടത്തിലെ ചട്ടം 60(എ) യ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചതിനാൽ ടിയാനെ വിജി.1/26171/2017 തീയതി 30/10/2017 നമ്പർ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്ത് ഉത്തരവായി.

6. <u>വിജി.1/29611/17</u>

പൊതുമരാമത്ത് വകുപ്പ്, ദേശീയപാതാ വിഭാഗം ഫെയർകോപ്പി സൂപ്രണ്ട് ശ്രീ.രമണനെ അനധികൃത ഹാജരില്ലായ്മയ്ക്ക് വിജി.1/29611/17 തീയതി 20/12/2017 പ്രകാരം സസ്പെൻഡ് ചെയ്യുകയും ഉത്തരവ് നമ്പർ വിജി.1/29611/17 തീയതി 29/12/2017 പ്രകാരം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചും ഉത്തരവായി.

7. <u>വിജി.1/2036/2018</u>

കെട്ടിട വിഭാഗം ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശ്രീ.പി.കെ.ബാബു കോൺട്രാക്ടർമാരുടെ ലൈസൻസ് പുതുക്കി തിരികെ നല്കാതെ 9 മാസത്തിലേറെ ഓഫീസിൽ രഹസ്യമായി സൂക്ഷിച്ചിരിക്കുന്നു എന്ന ആരോപണത്തിന്മേൽ പൊതുമരാമത്ത് വകുപ്പ് ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നടത്തിയ പ്രാഥമിക പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയതിനെതുടർന്ന് ശ്രീ.പി.കെ.ബാബുവിനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 133/2018/പൊ.മ.വ തീയതി 20/01/2018 പ്രകാരം ഉത്തരവായി.

8. <u>Vig.2/23965/15</u>

സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)No.1216/PWD dated 27/08/2016 പ്രകാരം IRQP/PR/2013-14 from Kadapuzha to Kollakadavu of N.H. 220' എന്ന റോഡ് പ്രവർത്തിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ശ്രീ.നജിമുദ്ദീൻ കുഞ്ഞ്.വൈ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ സസ്പെൻഡ് ചെയ്തിരുന്നു. സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)No.471/2017/PWD dated 05/04/2017 പ്രകാരം ടിയാനെ സർവ്വീസിൽ തിരിച്ചെടുത്തു.

9. <u>Vig.2/19123/2016</u>

പുനലൂർ കെട്ടിട ഉപവിഭാഗം കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ.എം.സതീഷ്കുമാറിനെ മേലുദ്യോഗസ്ഥരെ വ്യക്തിവൈരാഗ്യം തീർക്കാനും സാമ്പത്തിക ലാഭത്തിനും വേണ്ടി വ്യാജപേരിൽ ഭീഷണിപ്പെടുത്തുകയും വ്യാജപരാതികൾ നൽകുകയും ചെയ്യുന്നുവെന്ന എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ Vig.2/19123/2016 dated 30/03/2017 പ്രകാരം സസ്പെൻഡ് ചെയ്തിരുന്നു. ഉത്തരവ് നമ്പർ Vig.2/19123/2016 dated 17/01/2018 പ്രകാരം ടിയാനെ സർവ്വീസിൽ തിരിച്ചെടുത്തു.

10. Vig.2/28969/2017

കുറ്റാലം പാലസിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പാലസ് സൂപ്രണ്ടണ്ട് ശ്രീ.പ്രഭു ദാമോദരനെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)No.1802/2017/PWD dated 31/11/2017 പ്രകാരം സസ്പെൻഡ് ചെയ്തിരുന്നു.

11. വിജി.5/2572/17

കാഞ്ഞങ്ങാട് നിരത്ത് വിഭാഗം സെക്ഷൻ ഓഫീസിലെ കുഴിയടയ്ക്കൽ പ്രവൃത്തികളിലെ അഴിമതിയുമായി ബന്ധപ്പെട്ട് ശ്രീ.ചന്ദ്രാംഗതൻ നായർ, അസിസ്റ്റന്റ് എഞ്ചിനീയറെ ഉത്തരവ് നമ്പർ 124/17/പൊമ.വ. തീയതി 03/02/2017 പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു.. പിന്നീട് ടിയാനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു.

12. . വിജി.5/12213/14

റസ്റ്റ് ഹൗസിലെ ക്രമക്കേടുകൾ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് തളിപ്പറമ്പ് റസ്റ്റ് ഹൗസിലെ കുക്ക്-കം-വാച്ചർ ശ്രീ.എം.തുക്കാറാമിനെ സർവീസിൽ നിന്നും ഉത്തരവ് നം. വിജി-5/12213/14. തീയതി 18/03/2017 പ്രകാരം സസ്പെൻഡ് ചെയ്തിട്ടുണ്ട്. പിന്നീട് ടിയാനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു.

13. വിജി.5/7091/17 റസ്റ്റ് ഹൗസിലെ ക്രമക്കേടുകൾ സംബന്ധിച്ച് കാഞ്ഞങ്ങാട് റസ്റ്റ് ഹൗസിലെ കെയർ ടേക്കർ ശ്രീ.കെ.മുരളീധരനെ സർവീസിൽ നിന്നും ഉത്തരവ് നം. വിജി-5/7091/17. തീയതി 06/04/2017 പ്രകാരം സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടിയാനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു

14. വിജി.5/28145/17

ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് മൂന്നാർ റസ്റ്റ് ഹൗസിൽ കണ്ടെത്തിയ ക്രമക്കേടിനെതുടർന്ന് ശ്രീ.ഷിജു.സി.എം, അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീ.ബിജു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു.

15. വിജി.5/7398/17

ശ്രീ.സെൽവിൻ.എ.പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

Vigilance case VC 04/2017/SCE/PWD –യുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ്, സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.സെൽവിൻ.എ.പി-യെ

G.O.(Rt)No.1860/2017/PWD dated 13/12/2017പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു. വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചു എന്നതായിരുന്നു കേസ്.

**16. വിജി.6/10112/16**

പൊതുമരാമത്ത് വകുപ്പ് മലപ്പുറം, മങ്കട ഗവ. എച്ച്.എസ്.എസ് പഴയ കെട്ടിടം തകർന്നു വീണതിൽ പൊതുമരാമത്ത് വകുപ്പ് പെരിന്തൽമണ്ണ സെക്ഷൻ (കെട്ടിട വിഭാഗം) അസിസ്റ്റന്റ് എഞ്ചിനിയറായ ശ്രീ.അനീഷ് എന്നിവരെ വിജി.6/10112/2016 തീയതി 14/06/16 നമ്പർ ഉത്തരവ് പ്രകാരം സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും, തുടർന്ന് ടിയാൻ സമർപ്പിച്ച വിശദീകരണത്തെ ആസ്പദമാക്കി EB3/937/2016(1) തീയതി 03/08/2016 നമ്പർ ഉത്തരവ് പ്രകാരം ടിയാനെ സർവീസിൽ തിരികെ പ്രവേശിപ്പിക്കുകയുമുണ്ടായി. ടി വിഷയത്തിൽ ശ്രീ.അനീഷ്, അസിസ്റ്റന്റ് എഞ്ചിനിയർക്ക് CE ഓഫീസിൽ നിന്നും വിജി-6/10112/2016, തിയതി 20/01/2017 നമ്പർ കുറ്റാരോപണ മെമ്മോ/കുറ്റരോപണ പത്രിക നൽകിയിട്ടുണ്ട്.

**17. വിജി.6/9462/2016**

പൊതുമരാമത്ത് വകുപ്പ് പാലക്കാട് റോഡ്സ് ഡിവിഷനിലെ ഷോർണ്ണൂർ, മണ്ണാർക്കാട്, ആലത്തൂർ റോഡ്സ് സെക്ഷൻ ഓഫീസുകളിൽ 'പോലീസ് വിജിലൻസ്' 03/06/16-ന് പരിശോധന നടത്തുകയും, ബിറ്റുമിൻ കണക്കുകൾ പരിശോധിക്കുകയും, പരിശോധനയ്ക്കിടയിൽ ആലത്തൂർ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. ലിസ്സി ജോസഫിന്റെ ബാഗിൽ നിന്നും 179000/-രൂപ കണ്ടെത്തുകയും, വിജിലൻസ് പിടിച്ചെടുക്കുകയും ചെയ്യുകയുണ്ടായി. ടി വിഷയവുമായി ബന്ധപ്പെട്ട് ആലത്തൂർ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി. ലിസ്സി ജോസഫിനെ ഈ ഓഫീസിലെ വിജി.6/9462/2016 തീയതി 07/06/2016 നമ്പർ ഉത്തരവ് പ്രകാരം സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും, ശേഷം വിജി.6/9469/16 തീയതി 30/01/2017 നമ്പർ ഉത്തരവ് പ്രകാരം സസ്പെൻഷൻ പിൻവലിക്കുകയും ഇബി.3/937/2016 തിയതി 08/02/2017 നമ്പർ ഉത്തരവ് പ്രകാരം നിയമനം നൽകുകയും ചെയ്യുകയുണ്ടായി.

ബിറ്റുമിൻ വിതരണത്തിൽ സർക്കാരിന് നഷ്ടം വരുത്തിയതിൽ പൊതുമരാമത്ത് വകുപ്പ് ഷൊർണ്ണൂർ നിരത്ത് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ.സി.ശിവരാമൻ എന്നിവരെ സർക്കാരിന്റെ G.O(Rt)No. 1707/16/PWD, dated 15/12/2016 നമ്പർ ഉത്തരവ് പ്രകാരം സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും തുടർന്ന് സർക്കാരിന്റെ G.O(Rt)No. 116/17/PWD, dated 30/1/2017 നമ്പർ ഉത്തരവ് പ്രകാരം ടിയാന്റെ സസ്പെൻഷൻ പിൻവലിക്കുകയും ഇബി.3/937/2016(1) തീയതി 31/01/2017 നമ്പർ ഉത്തരവ് പ്രകാരം നിയമനം നല്കുകയും ചെയ്യുകയുണ്ടായി.

18. വിജി.6/11154/17

മലപ്പുറം കെട്ടിട വിഭാഗം, ഓഫീസിലെ പരിശോധനയെത്തുടർന്ന് സർക്കാരിന്റെ 18/05/2017 ലെ ഉത്തരവ് നമ്പർ (സാധാ)/655/2017/പൊ.മ.വ പ്രകാരം 13 ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു.

1. ശ്രീമതി.സീനത്ത് ബീഗം, എക്സിക്യൂട്ടീവ് എഞ്ചിനീയർ
2. ശ്രീ.മുഹമ്മദ് മുനീർ വടക്കുമ്പാടം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
3. ശ്രീ.ദേവദാസൻ.കെ, എൽ.ഡി.ടൈപ്പിസ്റ്റ്
4. ശ്രീമതി.റഫീഖ എൻ.ടി, ഓഫീസ് അറ്റൻഡന്റ്
5. ശ്രീ.വിജയൻ .പി, ഓഫീസ് അറ്റൻഡന്റ്
6. ശ്രീ.ശിവശങ്കരൻ എൻ.കെ, ഓഫീസ് അറ്റൻഡന്റ്
7. ശ്രീ.ഉണ്ണികൃഷ്ണൻ.കെ, വാച്ചർ കം ഗാർഡ്നർ
8. ശ്രീ.രമേഷ് ബാബു, ബ്ലൂപ്രിന്റർ
9. ശ്രീമതി.പ്രവിത.സി, ക്ലാർക്ക്
10. ശ്രീ.ബിജുമോൻ.എ.എം, എൽ.ഡി ക്ലാർക്ക്
11. ശ്രീ.ഷാജി.സി, ക്ലാർക്ക്
12. ശ്രീ.അബ്ദുറഹിമാൻ.കെ.സി, ക്ലാർക്ക്
13. അബുറാസിക്.ടി.പി, രണ്ടാതരം ഓവർസിയർ

ടി ഉദ്യോഗസ്ഥരെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) /1113/2017/പൊ.മ.വ. തീയതി 29/07/2017 ഉത്തരവ് പ്രകാരം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു.

19. വിജി.6 /22049/16

മലപ്പുറം ജില്ലയിലെ മൈത്രക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 14 ലക്ഷം രൂപ കരാറുകാരന് 2 തവണ നൽകിയതിന് ഉത്തരവാദികളായ 9 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും ഉത്തരവ് നമ്പർ പൊ.മ.വ/എഫ്3/82/പൊ.മ.വ തീയതി 14/06/2017 പ്രകാരം ഉദ്യോഗസ്ഥർക്ക് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിട്ടുണ്ട്. സർവ്വീസിൽ നിന്നും വിരമിച്ച 7 ഉദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കിയിട്ടുണ്ട്.

1.ശ്രീ. മുഹമ്മദ് അൻവർ എം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ്സ് സബ് ഡിവിഷൻ, തിരൂർ

2.ശ്രീ. വിജയൻ എം.എൻ., അസിസ്റ്റന്റ് എഞ്ചിനീയർ, കെട്ടിട സെക്ഷൻ, അയ്യന്തോൾ, തൃശൂർ.

3.ശ്രീ. പ്രദീപ്കുമാർ പി., ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ, റോഡ്സ് ഡിവിഷൻ, മഞ്ചേരി

4.ശ്രീ. ടി.പി. രവീന്ദ്രൻ, കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം

5.ശ്രീ. മുഹമ്മദ് ഇസ്മയിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ

6.ശ്രീ. കൃഷ്ണൻകുട്ടി, ജൂനിയർ സൂപ്രണ്ട്.

7.ശ്രീ. ജോൺസൺ ജോർജ്, ക്ലർക്ക്. ബ്രിഡ്ജസ് സബ് ഡിവിഷൻ മഞ്ചേരി

8.ശ്രീ. കെ.ജയൻ, അസിസ്റ്റന്റ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം, മഞ്ചേരി.

9.ശ്രീ. സിനോയ് ജോയ് പി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,

മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരെ സ.ഉ(സാ)986/17/PWD തീയതി 14.7.17, സ.ഉ(സാ)987/17/PWD തീയതി 14/7/17 എന്നീ ഉത്തരവുകൾ പ്രകാരം സർവ്വീസിൽ പുന:പ്രവേശിപ്പിക്കുകയുണ്ടായി.

20. വിജി.6/31235/17

ജില്ല ധനകാര്യ പരിശോധനവിഭാഗം പെരിന്തൽമണ്ണ നിരത്ത് ഉപവിഭാഗം ഓഫീസിൽ നടത്തിയ പരിശോധനയിൽ നടപ്പിലാക്കാത്ത പ്രവൃത്തിയിൽ തുക നല്കിയതുമായി ബന്ധപ്പെട്ട് മൂന്ന് ഉദ്യോഗസ്ഥരെ G.O.(Rt)No.1922/2017/PWD dated 26/12/2017പ്രകാരം സസ്പെൻഡ് ചെയ്യുകയുണ്ടായി. കൂടാതെ കുറ്റാരോപണ മെമ്മോ/പത്രിക നല്കിയിട്ടുണ്ട്.

1. ശ്രീമതി. ജി. ഗീത, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
2. ശ്രീ. കെ. എസ്. സജീവ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
3. ശ്രീ. നൂറുദീൻ. ഇ. സി, ഓവർസിയർ

21. വിജി.8/22283/16

കണ്ണൂർ ജില്ലയിലെ ദേശീയ പാതാവിഭാഗം-കേബിൾ ഇടുന്നതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പി.കെ.മിനി, എക്സിക്യൂട്ടീവ് എഞ്ചിനീയറെ G.O.(Rt)No.1710/2016/PWD dated 15/12/2016 പ്രകാരം അന്വേഷണവിധയമായി വേലവിലക്കിൽ നിർത്തി ഉത്തരവായി. സർക്കാർ ഉത്തരവ് നമ്പർ (സാധാ) 26/2017/പൊ.മ.വ തീയതി 07/01/2017പ്രകാരം വേലവിലക്ക് പിൻവലിച്ച് ഉത്തരവായി.

22. വിജി 8/394/2017

ആലുവ സർക്കാർ അതിഥി മന്ദിരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നേരിട്ട അസൗകര്യവുമായി ബന്ധപ്പെട്ട് ശ്രീ.സുര.എ.എസ് അസിസ്റ്റന്റ് എഞ്ചിനീയറെ വിജി.8/394/2017 തീയതി 09/01/2017 പ്രകാരം വേലവിലക്കിൽ നിർത്തി ഉത്തരവായി. ഉത്തരവ് നമ്പർ 937/2016(1) തീയതി 5/7/2017 പ്രകാരം ടിയാനെ തിരിച്ചെടുത്തു.

23. Vig.8-20571/2016

എറണാകുളം ജില്ലയിലെ കളമശ്ശേരി മണ്ഡലത്തിലെ റോഡ് നിർമ്മാണത്തിലെ അപാകതകളുമായി ബന്ധപ്പെട്ട് ശ്രീ. കെ.എം.മനോജ്, അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി. ലതാ മങ്കേഷ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ ഉത്തരവ് നമ്പർ -സ.ഉ.(സാധാ) 849/17/PWD dated 16/06/2017 പ്രകാരം വേലവിലക്കിൽ നിർത്തി ഉത്തരവായി

24. വിജി.8/17931/2017

ശ്രീ.ആർ.ശ്രീകുമാർ , ഓഫീസ് അറ്റൻഡന്റ്

പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് സെക്ഷൻ എറണാകുളം കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ആർ.ശ്രീകുമാർ TSB ചെക്ക് മാറിയ തുക ആഫീസിൽ ഏൽപ്പിക്കാതെ അനധികൃതമായി ആഫീസിൽ ഹാജരാകാത്തതിനാൽ ഉത്തരവ് നമ്പർ വിജി.8/17931/2017 തീയതി 09/08/2017പ്രകാരം അന്വേഷണണ വിധേയമായി വേലവിലക്കിൽ നിർത്തി.

25. വിജി.8/23648/2017

ശ്രീ. അൻസാർ.എം, സൂപ്രണ്ടിംഗ് എഞ്ചിനീയർ

മാധ്യമങ്ങളിലൂടെ സർക്കാരിനെതിരെ അപകീർത്തികരമായ പ്രസ്താവന നടത്തിയതിനെ തുടർന്ന് ശ്രീ.അൻസാർ.എം, സൂപ്രണ്ടിംഗ് എഞ്ചിനീയറെ 04/10/2017 തീയതിയിൽ G.O.(Rt)No.1467/2017/PWD ഉത്തരവുപ്രകാരം സർവ്വീസിൽ നിന്നു സസ്പെൻഡ് ചെയ്യുകയുണ്ടായി. സ.ഉ(സാ)221/2018/പൊ.മ.വ 6.2.18 പ്രകാരം വേലവിലക്ക് പിൻവലിച്ച് ഉത്തരവായി.

26. Vig.9/11242/16 Manoj.P, 2nd Grade Overseer

ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ദേശീയപാതാ സന്ദർശനവുമായി ബന്ധപ്പെട്ട് സസ്പെൻഡുചെയ്യുകയും (vide order No.Vig.9/11242/16 dated 28/06/2016) പിന്നീട് re-instate ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 16/01/2017 തീയതിയിലെ നമ്പർ 11242/16 പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകിയിട്ടുണ്ട്. വിജി.9/11242/16 തീയതി 16/08/2017 പ്രകാരം അച്ചടക്കനടപടികൾ, താക്കീത് നൽകി തീർപ്പാക്കി.

27. വിജി. 9/13381/16

1. ശ്രീമതി. കെ. എസ്, സൈറ, അസിസ്റ്റന്റ് എഞ്ചിനീയർ,
2. ശ്രീ. റ്റി. എൻ. കൃഷ്ണകുമാർ, രണ്ടാംഗ്രേഡ് ഓവർസിയർ എന്നിവരെ തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ വെള്ളാങ്ങല്ലൂർ പഞ്ചായത്തിൽ ജലനിധി പദ്ധതിയ്ക്കായി പൈപ്പിടാൻ വെട്ടിപ്പൊളിച്ച റോഡ് പൂർവ്വ സ്ഥിതിയിലാക്കൽ പ്രവൃത്തിയിലെ അഴിമതിയുമായി ബന്ധപ്പെട്ട് G.O.(Rt)No.1864/2017/PWD dated 14/12/2017 പ്രകാരം സസ്പെൻഡ് ചെയ്തു.

28. വിജി.9/26261/17

ശ്രീ. പ്രദീപ് കുമാർ, ക്ലാർക്ക്

ആലപ്പുഴ, പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് 26/10/2017 ൽ മുറി ലഭിക്കാത്ത സംഭവത്തിന് കാരണക്കാരനായി കണ്ട് റസ്റ്റ് ഹൗസിന്റെ

ബുക്കിംഗ് ചുമതലയുള്ള ബിൽഡിംഗ്സ് ഡിവിഷൻ ആലപ്പുഴയിലെ ക്ലാർക്കായ ശ്രീ.പ്രദീപ് കുമാറിനെ
ഉത്തരവ് നമ്പർ.വിജി.9/26261/17, തീയതി 18/12/2017പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു.

29. <u>വിജി. 9/21892/17</u>

1. <u>ശ്രീ. സി. പ്രദീപ് കുമാർ, മൂന്നാം ഗ്രേഡ് ഓവർസിയർ, ബിൽഡിംഗ്സ് സെക്ഷൻ ഹരിപ്പാട്</u>
2. <u>ശ്രീമതി. സിനി. പി., അസിസ്റ്റന്റ് എഞ്ചിനീയർ</u>

പൊതുമരാമത്ത് വകുപ്പ് കായംകുളം റസ്റ്റ് ഹൗസിൽ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രി നേരിട്ട് പരിശോധന നടത്തിയ വേളയിൽ, ടി റസ്റ്റ് ഹൗസ് അത്യന്തം ശോചനീയാവസ്ഥയിൽ കണ്ടതിനെത്തുടർന്ന് മേൽ ഉദ്യോഗസ്ഥരെ ഉത്തരവ് നമ്പർ വിജി.9/21892/17 തീയതി 07/09/2017 മുഖേന സസ്പെൻഡു ചെയ്തു. തുടർന്ന് ഉത്തരവ് നമ്പർ വിജി.9/21892/17 തീയതി 19/10/2017 മുഖേന സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു. 07/12/2017 തീയതിയിലെ [illegible] പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകുകയുണ്ടായി.

30. <u>വിജി. 9/986/17</u>

<u>ശ്രീ.അരുൺരാജ്, അസിസ്റ്റന്റ് എഞ്ചിനീയർ</u>

പൊതുമരാമത്ത് വകുപ്പ്, ഇലക്ട്രോണിക്സ് സെക്ഷൻ തൃശ്ശൂർ ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനീയറായിരിക്കെ, വിയ്യൂർ സെൻട്രൽ ജയിലിൽ നിരീക്ഷണക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പണികൾ നടത്തുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുകയും ബിൽ തയ്യാറാക്കി നൽകുന്നതിന് അനാവശ്യകാലതാമസം വരുത്തുകയും ചെയ്തുവെന്നുള്ള തൃശ്ശൂർ ഇലക്ട്രോണിക്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിൻപ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നമ്പർ വിജി.9/986/17 തീയതി 19/01/2017 പ്രകാരം സസ്പെൻഡ് ചെയ്തു. പിന്നീട് ഉത്തരവ് നമ്പർ വിജി.9/986/17 തീയതി 04/10/2017 പ്രകാരം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു.

സെക്ഷൻ ഓഫീസർ